**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5609** **13-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ മടവീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അടിയന്തരമായി മടകുത്തി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ മടവീഴ്ച മൂലം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ എന്ന പദ്ധതി പ്രകാരം മടവീഴ്ച മൂലം നശിച്ച ബണ്ടുകളുടെ കേട്ടുപാടുകൾ പരിഹരിക്കുന്നതിനും നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും തുകവകയിരുത്തിയിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകുന്ന ശുപാർശയിൻമേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കൃഷി ഡയറക്ടർ ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | മടകുത്തുന്നതിന്റെ പണം യഥാസമയം ലഭിക്കാതെ വരുന്നത് മൂലം പാടശേഖരസമിതികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 2020 ആഗസ്റ്റ് മാസത്തിനു ശേഷം ഉണ്ടായ മടവീഴ്ചകളുമായി ബന്ധപ്പെട്ട് 57 പാടശേഖരങ്ങൾക്ക് മട പുനർനിർമ്മാണ ത്തിനും , ബണ്ട് ഉയർത്തുന്നതിനും വേണ്ടി 120 ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ